**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4821** **13-03-2023 - ൽ മറുപടിയ്ക്ക്**

**മൽസ്യ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൽസ്യ വിപണന മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മൽസ്യത്തൊഴിലാളികൾക്ക് തങ്ങളുടെ മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടു വരുന്ന മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വർഷംതോറും വിലയിരുത്തുന്നുണ്ട്.<br><br>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി) വഴി പ്രാഥമിക സംഘങ്ങളിലൂടെ മത്സ്യ ത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ പലിശ രഹിതമായും 15% കേന്ദ്ര സബ്സിഡിയോടും കൂടി നൽകി വരുന്നു. 2018-19 വർഷം മുതലാണ് പലിശ രഹിതമായി വായ്പ നൽകുന്നത്. സംസ്ഥാന സർക്കാർ പലിശ സബ്സിഡി അനുവദിച്ച് നൽകുന്നു. ഇതുമൂലം മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യബന്ധന ഉപകരണങ്ങളുടെ ഉടമസ്ഥരാക്കുവാൻ സാധിക്കുന്നു.<br><br>മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കി വരുന്നു. 230 സംഘങ്ങൾ തീരദേശ ലേലത്തിൽ പങ്കെടുക്കുന്നു. സംഘങ്ങൾ ലേലം നടത്തുന്നതു വഴി മത്സ്യത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നു. തീരദേശ ലേലം വഴി 2021-22 വർഷം 323.62 കോടി രൂപയുടെ മത്സ്യം ലേലം ചെയ്യുകയുണ്ടായി. 2022-23 വർഷത്തിൽ 31/01/2023 വരെ 398.94 കോടി രൂപയുടെ മത്സ്യം ലേലം ചെയ്തു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടു വരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം മത്സ്യഫെഡിന്റെ ബൂത്തുകൾ വഴി വിൽപ്പന നടത്തുന്നു.<br><br>കേരള നിയമസഭ പാസ്സാക്കിയ മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികളും 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും, 11-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റികളും, ഫിഷ് ലാന്റിംഗ് സെന്ററുകളിലോ ഫിഷിംഗ് ഹാർബറുകളിലോ മാർക്കറ്റുകളിലോ മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാൻ ഇടയുള്ള അനാവശ്യ പ്രവണതകൾ നിയന്ത്രിക്കപ്പെട്ടുമെന്ന് ഉറപ്പു വരുത്തുന്നു. സംസ്ഥാനത്ത് 21 ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വിജ്ഞാപനം വഴി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ ചട്ട രൂപീകരണം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ